## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2495

11.10.2011-ൽ
മറുപടി നൽകേണ്ടത്

### അട്ടപ്പാടി പാക്കേജിലെ വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.എം.ഹംസ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( റവന്യൂ വകുപ്പ് മന്ത്രി) |
| (എ) അട്ടപ്പാടി പാക്കേജിലെ കക്ഷികൾ ആരൊക്കെയാണ്;<br><br>(ബി) ഇതിലെ വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;<br><br>(സി) ഇവയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;<br><br>(ഡി)പ്രസ്തുത പാക്കേജ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങൾ ഉയർന്നിട്ടുണ്ടോ;<br><br>(ഇ) പാക്കേജ് അന്തിമമായി തീരുമാനിച്ചുവോ; എങ്കിൽ വ്യവസ്ഥകൾ വിശദമാക്കാമോ? | (എ) മുതൽ (ഇ) വരെ:<br>അട്ടപ്പാടിയിൽ ഭൂമി അന്യാധീനപ്പെട്ട ആദിവാസികളും സുസ്‌ലോൺ ഗ്രൂപ്പ് ഓഫ് കമ്പനീസുമാണ് കക്ഷികൾ. ആദിവാസികൾക്ക് സാമ്പത്തികമായും നിയമപരമായും പരിരക്ഷ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് പാലക്കാട് ജില്ലാ കളക്ടർ സർക്കാരിന് സമർപ്പിച്ച പാക്കേജ് വിഭാവനം ചെയ്യുന്നത്. ആദിവാസികൾക്ക് നഷ്ടപരിഹാരം നൽകുക, പകരം ഭൂമി നൽകുക, അവരുടെ ഉന്നമനത്തിനാവശ്യമായ മറ്റ് ആനുകൂല്യങ്ങൾ നൽകുക തുടങ്ങിയ നിർദ്ദേശങ്ങളാണ് ടി പാക്കേജിൽ അടങ്ങിയിരിക്കുന്നത്. പാക്കേജിന് 24.08.2011-ൽ ചേർന്ന യോഗം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ ഇക്കാര്യത്തിൽ പാലക്കാട് ജില്ലാ കളക്ടറോട് റിപ്പോർട്ട് സമർപ്പിക്കാൻ യോഗത്തിൽ തീരുമാനമാവുകയും അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ലഭ്യമായ ശേഷം ആവശ്യമായ ചർച്ചകൾ നടത്തിയ ശേഷം പാക്കേജിന് അന്തിമ രൂപം നൽകാൻ കഴിയുന്നതുമാണ്. എങ്കിലും ഈ വിഷയത്തിൽ 20.09.2011-ൽ ചേർന്ന മന്ത്രിസഭാ യോഗം ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു. |

(1)അട്ടപ്പാടിയിലെ കോട്ടത്തറ വില്ലേജിൽ നടത്തിയ സർവേയിൽ സുസ്ലോണിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും കൈവശമുള്ളതും ആദിവാസികളുടേതെന്നു കണ്ടെത്തിയതുമായ 85.21 ഏക്കർ ഭൂമി തിരിച്ചെടുത്ത് ആദിവാസികൾക്ക് നൽകുവാൻ തീരുമാനിച്ചു. ഈ ഭൂമിയ്ക്ക് അടിയന്തിരമായി പട്ടയം നൽകുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

(2)ആദിവാസികളുടേതെന്ന് കണ്ടെത്തിയ ഭൂമിയിലെ കാറ്റാടി യന്ത്രങ്ങൾ ഏറ്റെടുക്കുവാനും ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് ഭൂമിയുടെ ഉടമസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(3)ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിലുള്ള ക്രിമിനൽ കേസുകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ